(ഡി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഇ) മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പുനരുദ്ധരിച്ച് മെച്ചപ്പെട്ട നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ 179 പ്രാഥമിക സഹകരണസംഘങ്ങളും ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടറുടെ മേൽനോട്ടത്തിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന 654 സംഘങ്ങളും ഉൾപ്പെടെ 833.

(സി) 828.

(ഡി) അംഗങ്ങളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും, ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംഘങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുക, സംഘം ഉൾപ്പെടുന്ന തർക്കങ്ങൾ പരിഹരിക്കുക എന്നിവയ്ക്ക് വേണ്ട സഹായം ചെയ്യുന്നു. മത്സ്യഫെഡ് വഴി അംഗങ്ങൾക്ക് എൻ.സി.ഡി.സി., എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവയിൽനിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. സംഘാംഗങ്ങളായ തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾക്ക് വായ്പ, വിവിധ ഇനം സബ്സിഡികൾ, കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം, തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം എന്നിവ നല്കിവരുന്നു. കാലാകാലങ്ങളിൽ മത്സ്യത്തൊഴിലാളികളെയും സംഘം ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കുന്നു.

(ഇ) നടപടി കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി

82 (4690) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ ;

(ബി) ഈ പദ്ധതി മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി എന്തെല്ലാം പരിരക്ഷകളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രീമിയം വർദ്ധനവിനെ തുടർന്ന് ഈ പദ്ധതി പുതുക്കാതെ പോയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം താഴെ പറയുന്ന നിരക്കിൽ പരിരക്ഷ നല്കിവരുന്നു.

ക്രമനമ്പർ	വിഭാഗം	പരിരക്ഷ (തുക രൂപയിൽ)
1	അപകടമരണം സംഭവിക്കുകയോ കടലിൽ കാണാതാകുകയോ ചെയ്താൽ	1 ലക്ഷം
2	അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത സംഭവിച്ചാൽ	1 ലക്ഷം
3	അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത സംഭവിച്ചാൽ	50,000
4	അപകടംമൂലം 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ ചികിത്സ ചെയ്യേണ്ടി വന്നാൽ	2,000 പരമാവധി

(സി) ഉണ്ട്. 2002 സെപ്റ്റംബർ 10 മുതൽ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ നാല് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളും ഒരേപോലെ കഴിഞ്ഞ വർഷത്തെ 9 രൂപ 90 പൈസ എന്ന പ്രീമിയം നിരക്കിൽ നിന്ന് പ്രതിശീർഷം 50 രൂപ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സർക്കാർ തലത്തിൽ നടന്ന നിരവധി ചർച്ചകളുടെ ഫലമായി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി പ്രീമിയം നിരക്ക് 31 രൂപയും 8% സർവ്വീസ് ചാർജും ആയി കുറവു ചെയ്യാൻ തയ്യാറായി. പിന്നീട് സർക്കാർ വിളിച്ചു ചേർത്ത യോഗത്തിൽ 31 രൂപ നിരക്കിൽ ഇൻഷ്വറൻസ് നടപ്പാക്കാൻ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് സന്നദ്ധത പ്രകടിപ്പിച്ചു. ഇതുസംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെ ആയിട്ടില്ല.

ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതു വരെ ഇൻഷ്വറൻസ് പദ്ധതി പ്രകാരം നല്കിയിരുന്ന അതേ നിരക്കിലും വ്യവസ്ഥയിലും 10-9-2002 മുതൽ അപകടമരണങ്ങൾക്കും കടലിൽ കാണാതാകലിനും അവശതയ്ക്കും ആശുപത്രി ചെലവിനും ധനസഹായം നല്കാൻ ബോർഡ് യോഗം തീരുമാനം എടുത്തിട്ടുണ്ട്.

1121/13

LIBRARY ARCHIVES Kerala Legislative Assembly